# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.ഇ.കെ.എം(ബിപി)926/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.ഇ.കെ.എം(ബിപി)926/22 തീയ്യതി: 08/07/2022

## എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 16-05-2022 | 23-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-05-2022 | 23-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. റസിയബീവി ജെ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈബി ഇ ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗൗരി വേലായുധൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ. വി ആർ അശോകൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ ലാൽകുമാർ | സെക്രട്ടറി | 01-04-2020 | 07-08-2020 |
| ശ്രീമതി സുഗുണ റ്റി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-08-2020 | 20-08-2020 |
| ശ്രീ രാജ് കുമാർ | സെക്രട്ടറി | 21-08-2020 | 01-02-2021 |
| ശ്രീ ശ്രീകുമാർ കെ കെ | സെക്രട്ടറി | 02-02-2021 | 07-02-2021 |
| ശ്രീ തോമസ് കെ എ | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സാറാ സൂര്യ ജോർജ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 09-10-2020 |
| ശ്രീ ബിനോയി എം വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10-10-2020 | 05-01-2021 |
| ശ്രീ ജോസ് എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 06-01-2021 | 31-03-2021 |
| ശ്രീമതി അമ്പിളി രവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനി എം പിള്ള | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 31-03-2021 |
| ഡോ അനീഷ് ബേബി | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. കടയിരുപ്പ്) | 01-04-2020 | 31-03-2021 |
| ശ്രീമതി ശാലിനി പ്രഭ | സി. ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷെമി എ എച്ച് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ വിൽസൺ മത്തായി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ വിനോദ് പൗലോസ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. | 01-04-2020 | 20-04-2020 |

| | | | |
|---|---|---|---|
| | വടവുകോട്) | | |
| ഡോ ബിജി എലിസബത്ത് കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | 21-04-2020 | 31-03-2021 |
| ശ്രീമതി പ്രിയ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 12-06-2020 |
| ശ്രീമതി ജാകുലിൻ ഡൊമിനിക് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-06-2020 | 17-06-2020 |
| ശ്രീമതി ശ്രീലത വി സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 18-06-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 21-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 23-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Aneesh R (Auditor, On 17-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Aneesh R (Auditor, On 24-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Aneesh R (Auditor, On 17-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Aneesh R (Auditor, On 18-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 07-07-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 19-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh R (Auditor, On 19-05-2022)<br>Last Updated By: Aneesh R (Auditor, On 19-05-2022) | 1-6 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Muhammed Shafi V M (Auditor, On 23-05-2022)<br>Last Updated By: Muhammed Shafi V M (Auditor, On 23-05-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ressiya Beevi J (Audit Officer, On 25-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 24-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-9 |
| 12 | കെട്ടിട വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Muhammed Shafi V M (Auditor, On 23-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-10 |
| 13 | ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ചു<br>Written By: Muhammed Shafi V M (Auditor, On 23-05-2022)<br>Last Updated By: Ressiya Beevi J (Audit Officer, On 24-05-2022) | 1-11 |
| 14 | സി.എച്ച്.സി കടയിരുപ്പ് - പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 23-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-12 |
| 15 | സി.എച്ച്.സി വടവുകോട് -പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 24-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-13 |
| 16 | ബ്ലോക്ക് ഓഫീസ് ഫർണിഷിംഗ് -തുക നൽകിയതിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-14 |
| 17 | മരാമത്ത് പ്രവൃത്തികൾ- കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 24-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 1-15 |

| | | |
|---|---|---|
| 18 | ഇ-ടെണ്ടർ ഫീസ് - ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 24-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-16 |
| 19 | ചോയിക്കരമുകൾ കുടിവെള്ള പദ്ധതി - വൈദ്യുതി കണക്ഷൻ തുക ജനറൽ പർപ്പസ് ഫണ്ടിലേക്ക് തിരികെ അടച്ചില്ല<br>Written By: Aneesh R (Auditor, On 24-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 1-17 |
| 20 | പ്രത്യേക ഉദ്ദേശ്യ ആവശ്യങ്ങൾക്ക് ലഭിച്ച ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല<br>Written By: Aneesh R (Auditor, On 24-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 1-18 |
| 21 | മുൻ വർഷങ്ങളിൽ വാങ്ങിയ കാർഷിക യന്ത്രങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നു<br>Written By: Muhammed Shafi V M (Auditor, On 24-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 1-19 |
| 22 | നിക്ഷേപപ്രവൃത്തികൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 23-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 07-07-2022) | 1-20 |
| 23 | നാപ്കിൻ വെൻഡിംഗ് മെഷീനും ഡിസ്ട്രോയറും -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-05-2022)<br>Last Updated By: Ressiya Beevi J (Audit Officer, On 25-05-2022) | 1-21 |
| 24 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു.<br>Written By: Shaiby.E.D (Asst. Audit Officer, On 21-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 1-22 |
| 25 | മരാമത്ത് പ്രവൃത്തികൾ -പൊതുന്യൂനതകൾ<br>Written By: Ressiya Beevi J (Audit Officer, On 24-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ചു (സി.എച്ച്.സി വടവുകോട്)<br>Written By: Muhammed Shafi V M (Auditor, On 23-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Ressiya Beevi J (Audit Officer, On 19-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 06-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 07-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 19-05-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Shaiby.E.D (Asst. Audit Officer, On 19-05-2022) | |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 19-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 19-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 19-05-2022) | 4-8 |
| 9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 19-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 24-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 19-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 20.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 3500000.00 | 12165068.00 | (-)8665068 |
| വരവ് | 255272750.00 | 62799880.00 | 192472870 |
| ആകെ | 258772750.00 | 74964948.00 | 183807802 |
| ചെലവ് | 254826812.00 | 68780654.00 | 186046158 |
| നീക്കിയിരിപ്പ് | 3945938.00 | 6184294.00 | (-)5738356 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ബജറ്റ് വിഭാവനം ചെയ്ത രീതിയിൽ തന്നെ പദ്ധതി രൂപീകരണം നടത്തി ലഭ്യമായ മുഴുവൻ ഫണ്ടും ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16.03.2020 തീയതിയിൽ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. പ്രീ ബജറ്റ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല. തനത് വരുമാനം, റവന്യൂ ചെലവുകൾ എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ബജറ്റ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച പഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനവും നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ബ്ലോക്ക്പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ഇവ സംബന്ധിച്ച് നൽകിയ 17.05.2022 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വരും വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 05.07.2021 |

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-2-1 ൽ ചേർത്തിട്ടുണ്ട്

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വടവുകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) B-11 ഷെഡ്യൂൾ പ്രകാരം Movable Assets- Vehicles (410710102) എന്ന ആസ്തിയുടെ മൂല്യം 719941/- രൂപയാണ്. എന്നാൽ, ആസ്തിയുടെ മൂല്യത്തേക്കാൾ കൂടിയ തുകയായ 748737/- രൂപയാണ് Accumulated Depreciation (411500101) ചെയ്തിരിക്കുന്നത്.

2) 2018-19 വാർഷിക ധനകാര്യപത്രികയിലെ B18 ഷെഡ്യൂൾ പ്രകാരം Advance To Implementing Agencies – Deposit With Kerala Waterr Authority എന്ന ഹെഡിൽ നീക്കിയിരിപ്പില്ല. തൻവർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നിക്ഷേപ പ്രവർത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുമില്ല. എന്നാൽ, Drinking Water – Pipe Lines 410400103) എന്ന ആസ്തി ഹെഡിലേക്ക് തൻവർഷത്തെ ചെലവ് കൂടാതെ 930000/- രൂപ അധികമായി മാറ്റിയിട്ടുണ്ട്.

3) Capital Work In Progress (412010101) എന്ന ഹെഡിലെ മുന്നിരിപ്പും, തൻവർഷത്തെ ചെലവും, തൻവർഷം ആസ്തിയിലേക്ക് മാറ്റിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4) Advance To Others (460509901) എന്ന ഹെഡിൽ മുന്നിരിപ്പില്ല. എന്നാൽ തൻവർഷത്തെ ചെലവും, നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല.

5) തൻവർഷം കേരള വാട്ടർ അതോറിറ്റിക്ക് മൂന്ന് നിക്ഷേപപ്രവൃത്തികൾക്കായി ആകെ 1228000/- രൂപ നൽകിയിട്ടുണ്ട്. ടി നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ, Advance To Implementing Agencies – Deposit With Kerala Water Authority എന്ന ഹെഡിൽ അഡ്വാൻസായി രേഖപ്പെടുത്തുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ഹെഡിൽ ചെലവായി രേഖപ്പെടുത്തുകയാണ് ചെയ്തത്.

6) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2)ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.
വാർഷികധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12165068 |
| വരവ് | 62799880 |
| ആകെ | 74964948 |
| ചെലവ് | 68780654 |
| നീക്കിയിരിപ്പ് | 6184294 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 714 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 7044123 |

.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ് സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26848567 | 26848567 | 24391727 | 0 | 2456840 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 21852935 | 21852935 | 19600681 | 0 | 2252254 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 538000 | 538000 | 404140 | 0 | 1133860 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4685128 | 4685128 | 4219019 | 0 | 466109 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10080000 | 10080000 | 5756248 | 0 | 4323752 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എംകെഎസ്പി | 50 | 0 | 50 | 0 | 50 | 0 |
| ശുചിത്വ മിഷൻ | 542998 | 21386 | 564384 | 0 | 564384 | 0 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐഎവൈ സംസ്ഥാന വിഹിതം | 11430 | 328 | 11758 | 0 | 11758 | 0 |
| മിനസല്ലേ നിയസ് | 142941 | 21688 | 164629 | 67948 | 96681 | 0 |
| മറ്റ് ഏജൻസികൾ | | | | | | |
| സിഎസ്ആർ ഫണ്ട് | 2015220 | 933252 | 2948472 | 2719897 | 228575 | 0 |
| ഐഎവൈ ലോൺ | 25500 | 0 | 25500 | 50 | 25500 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 83767603 | 100 | 56062321 | 2 | 23 | 80% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 0 | 853641 | 853641 | 853641 | 0 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.05.2022 ന് 3.00 പി എം സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകംബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് ചേർത്തിട്ടില്ല. ആയതിനാൽ പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
4. ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്തൃലിസ്റ്റ് നൽകി ബ്ലോക്ക് പഞ്ചായത്ത് ആനുകൂല്യം വിതരണം ചെയ്യുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പോലുള്ള പദ്ധതികളുടെ അപേക്ഷയോ അർഹത സംബന്ധിക്കുന്ന സാക്ഷ്യപത്രങ്ങളോ ഫയലിൽ ലഭ്യമല്ലാത്തതിനാൽ പ്രൊജക്ടുകളുടെ പരിശോധന കൃത്യമായി സാധിക്കുന്നില്ല.
5. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറുന്ന പദ്ധതികളുടെ ബില്ലിൽ ഏത് ഗ്രാമപഞ്ചായത്തിനാണ് വിഹിതം നൽകുന്നതെന്നോ, തുക ക്രെഡിറ്റായതിന്റെ രേഖകളോ വെബ് സാംഖ്യാ റിപ്പോർട്ടിൽ നിന്ന് ലഭ്യമായിട്ടില്ല. ആയതിനാൽ തുക ലഭ്യമായതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
6. വിവിധ സെക്ഷനുകൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാണെങ്കിലും ഇ-ഓഫീസ് സംവിധാനത്തിലേക്ക് പൂർണ്ണമായി മാറാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 മുതൽ 01.12.2021 വരെ | 2020-21 | 09.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.03.2018 | 2014-15 മുതൽ 2016-17 വരെ | 09.05.2018 |

1-10 കെട്ടിട വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സമുച്ചയത്തിലുള്ള കെട്ടിട മുറികളുടെ 2020-21 വർഷത്തെ വാടക ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | വാടക ഈടാക്കാനുള്ള കാലയളവ് | വാടക തുക (18% GST കൂടാതെ) |
|---|---|---|---|
| 1 | ദർശന കുടുംബശ്രീ (മുറി നമ്പർ - 311) | മാർച്ച് 2021 | 1048 |
| 2 | ജനനി കുടുംബശ്രീ (മുറി നമ്പർ - 334) | ഡിസംബർ 2020 – മാർച്ച് 2021 | 1211 X 4= 4844 |
| 3 | വാസ്കോസ് ബ്യൂട്ടി പാർലർ (മുറി നമ്പർ - 311) | ജനുവരി 2021 - മാർച്ച് 2021 | 1048 X 3= 3144 |

മേൽ പരാമർശിച്ചവരിൽ നിന്ന് വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.-14, തീയതി-21.05.2022) മറുപടി ലഭിച്ചിട്ടില്ല. വാടക കുടിശ്ശിക ഈടാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ചു

സി.എച്ച്.സി വടവുകോടിന്റെ ദൈനംദിന ചെലവുകൾ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ സർവീസ് ചാർജ് ഇനത്തിലുള്ള ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ചു. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

1-12 സി.എച്ച്.സി കടയിരുപ്പ് - പദ്ധതി നിർവഹണത്തിലെ അപാകതകൾ

A) കടയിരുപ്പ് സി.എച്ച്.സിക്ക് ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കടയിരുപ്പ് സി.എച്ച്.സിക്ക് ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നം | 24/21 |
| ആകെ അടങ്കൽ | 500,000/- |
| ആകെ ചെലവ് | 488,176/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടയിരുപ്പ് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയുടെ ഭാഗമായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്(കെ.എം.എസ്.സി.എൽ) വിവിധ ബില്ലുകൾ മുഖേന പണം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. , തീയതി | നൽകിയ തുക | ഓർഡർ നൽകിയ ഉപകരണങ്ങൾ | ഉപകരണങ്ങൾ ലഭിച്ച ഇൻവോയിസ് നം., തീയതി | ഇൻവോയിസ് പ്രകാരമുള്ള തുക | ബാക്കി യുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 24/20-21, 17.02.2021 | 102468 | ക്രാഷ് കാർട്ട്, | TI/0418/21-22, 11.08.2021 | 19800 | 6105 |
| | | ICU കോട്ട് | TI/0419/21-22, 11.08.2021 | 67416 | |
| | | വീൽ ചെയർ | 3632, 12.07.2021 | 9147 | |
| 28/20-21, 25.03.2021 | 206486 | ഓക്സിജൻ കോൺസൺട്രേറ്റർ | UA-1213/2021 , 09.09.21 | 28997 | 177489 |
| | | AED പോഡ്, ഇലക്ട്രോണിക് വെയിംഗ് മെഷീൻ, ഡിഫിബ്രിലേറ്റർ | ലഭിച്ചിട്ടില്ല | - | |
| 29/20-21, 25.03.2021 | 62851 | മൾട്ടിപരാമീറ്റർ മോണിറ്റർ, മോണിറ്റർ സ്റ്റാന്റ് | ലഭിച്ചിട്ടില്ല | - | 62851 |
| ആകെ | | | | | 246445 |

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് പണം നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ പൂർണ്ണമായും ലഭിക്കാത്തതായും, ഉപകരണങ്ങൾ ലഭ്യമായ ബില്ലിൽ ബാക്കിയുള്ള തുക തിരികെ ഈടാക്കാത്തതുമായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-7, 20.05.2022) മറുപടി ലഭിച്ചിട്ടുണ്ട്. 24/20-21(17.02.2021) ബിൽ പ്രകാരം ബാക്കിയുള്ള 6105 രൂപ കെ.എം.എസ്.സി.എല്ലിന്റെ സർവീസ് ചാർജാണെന്നും ടി തുക സംബന്ധിച്ച വിവരം കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും, മറ്റു ബില്ലുകൾ പ്രകാരമുള്ള ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എല്ലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 246,445/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

B) സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സെക്കന്ററി പാലിയേറ്റീവ് കെയർ, |
| പ്രോജക്ട് നം | 09/21 |
| ആകെ അടങ്കൽ | 1,100,000/- |
| ആകെ ചെലവ് | 1,098,929/- |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം |

1)ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടയിരുപ്പ് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (കെ.എം.എസ്.സി) 34/20-21 (27.03.21) ബില്ല് മുഖേന 200403 രൂപ നൽകിയിട്ടുണ്ട്. ഓക്സിജൻ കോൺസൺട്രേറ്റർ, ICU കോട്ട്, വീൽ ചെയർ എന്നിവയ്ക്കായാണ് പണം നൽകിയത്. ആകെ 178692/-രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. ബാക്കി 21711/-രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ഓർഡർ നൽകിയ ഉപകരണങ്ങൾ, ലഭിച്ച ഇൻവോയിസ് എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണങ്ങൾ | ലഭിച്ച ഇൻവോയിസ് നം., തീയതി | ഇൻവോയിസ് പ്രകാരമുള്ള തുക |
|---|---|---|
| ICU കോട്ട് | TI/0420/21-22, 11.08.2021 | 33708 |
| വീൽ ചെയർ | ലഭിച്ചിട്ടില്ല | - |
| ഓക്സിജൻ കോൺസൺട്രേറ്റർ | UA-1210/2021 , 09.09.21 | 144984 |
| ആകെ | | 178692 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-9, 20.05.2022) ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എല്ലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ ബാക്കിയുള്ള 21711/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

2)മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടയിരുപ്പ് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിന്റെ ഭാഗമായി കെ.എം.എസ്.സി.എല്ലിന് ബിൽ നം.-35/20-21 (27.03.21) പ്രകാരം 126628/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം., | ബിൽ | മരുന്ന് | ഇൻവോയിസ് | മരുന്ന് |
|---|---|---|---|---|

| തീയതി | പ്രകാരം നൽകിയ തുക | ലഭിച്ച ഇൻവോയിസ് നം., തീയതി | പ്രകാരമുള്ള തുക | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 35/20-21 (27.03.21) | 126628 | 2699, 23.06.21 | 17283 | 65168 |
| | | 6294, 17.09.21 | 33778 | |
| | | 11773, 25.01.22 | 2028 | |
| | | 11341, 13.01.22 | 8371 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-10, 21.05.2022) മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എല്ലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ ബാക്കിയുള്ള 65168/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

C) സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടയിരുപ്പ് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി കെ.എം.എസ്.സി.എല്ലിന് വിവിധ ബില്ലുകളിലായി നൽകിയ തുകക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കടയിരുപ്പ് സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 10/21 |
| ആകെ അടങ്കൽ | 600,000/- |
| ആകെ ചെലവ് | 599,471/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

മേൽ പദ്ധതിയുടെ ഭാഗമായി 33/20-21 (25.03.21), 10/20-21 (12.08.20) എന്നീ ബില്ലുകൾ പ്രകാരം യഥാക്രമം 25172/-, 500000/- എന്നിങ്ങനെ പണം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (കെ.എം.എസ്.സി.എൽ) നൽകിയിരുന്നു. മരുന്ന് ലഭിച്ച ഇൻവോയിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | ബിൽ പ്രകാരം നൽകിയ തുക | മരുന്ന് ലഭിച്ച ഇൻവോയ്സ് നം., തീയതി | ഇൻവോയിസ് പ്രകാരമുള്ള തുക | മരുന്ന് ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 33/20-21 (25.03.21) | 25172 | 1138, 13.01.22 | 3301 | 7955 |
| | | 8191, 01.11.21 | 13916 | |
| 10/20-21 (12.08.20) | 500000 | 7920, 28.10.20 | 38023 | 81333 |
| | | 2228, 03,02,21 | 23462 | |
| | | 2227, 03,02,21 | 42090 | |
| | | 29955, 03,02,21 | 157172 | |
| | | 2890, 25.06.21 | 50056 | |
| | | 11433, 15.01.22 | 10025 | |
| | | 10460, 27.12.21 | 17096 | |
| | | 11616, 21.01.22 | 80743 | |
| ആകെ | 525172 | | 435884 | 89288 |

ആകെയുള്ള 89288/-രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-10,21.05.2022) മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എല്ലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ ബാക്കിയുള്ള 89288/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-13 സി.എച്ച്.സി വടവുകോട് -പദ്ധതി നിർവഹണത്തിലെ അപാകതകൾ

A) സി.എച്ച് .സി യിലേക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം | 57/21 |
| പ്രോജക്ടിന്റെ പേര് | വടവുകോട് സി.എച്ച് .സി യിലേക്ക് മരുന്ന് വാങ്ങൽ |
| ആകെ അടങ്കൽ | 600,000/- |
| ആകെ ചെലവ് | 451546/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വടവുകോട് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.- 44/20-21 (21.03.21) മുഖേന കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് (കെ.എം.എസ്.സി) 229,994/-രൂപ നൽകിയിരുന്നു. ടി തുകക്ക് നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-16, 21.05.2022) മറുപടി ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 229,994/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

B) സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി

| | |
|---|---|
| പ്രോജക്ട് നം | 44/21 |
| പ്രോജക്ടിന്റെ പേര് | സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി |
| ആകെ അടങ്കൽ | 1,150,000 /- |
| ആകെ ചെലവ് | 838,337 /- |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം |

1) സെക്കന്ററി പാലിയേറ്റീവ് കെയർ- മരുന്ന് ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് (കെ.എം.എസ്.സി) ബിൽ നം.-33/20-21 (29.01.21) മുഖേന 62719/- രൂപയും ബിൽ നം.-31/20-21 (28.01.21) മുഖേന 14688/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകൾക്ക് മരുന്ന് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-16, 21.05.2022) മറുപടി ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 77,407/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

2)സെക്കന്ററി പാലിയേറ്റീവ് കെയർ- ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വടവുകോട് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഫിസിയോതെറാപ്പിക്കായി അൾട്രാസൗണ്ട് യൂണിറ്റ്, കമ്പ്യൂട്ടറൈസ്ഡ് ഇന്റർഫെറൻഷ്യൽ തെറാപ്പി യൂണിറ്റ് എന്നിവ വാങ്ങുന്നതിനായി കെ.എം.എസ്.സി-ക്ക് 42/20-21 (30.03.21) ബില്ല് മുഖേന 67526/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-18, 23.05.2022) മറുപടി ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നത് വരെ 67526/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-14 ബ്ലോക്ക് ഓഫീസ് ഫർണിഷിംഗ് -തുക നൽകിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് ഓഫീസ് ഫർണിഷിംഗ് |
| പ്രോജക്ട് നം | 108/21 |
| അടങ്കൽ | 4954914/-<br>716292/- വികസന ഫണ്ട്-സാധാ,<br>4237622/- ധനകാര്യ കമ്മീഷൻ അവാർഡ്,<br>1000/- തനത് ഫണ്ട് |
| ചെലവ് | 4937622/-<br>711128/- വികസന ഫണ്ട്-സാധാ,<br>4226494/- ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നം/<br>തീയതി | 15/20-21 തീയതി 06.08.2020, തുക 2520000/-<br>31/20-21 തീയതി 23.11.2020, തുക 1202091/-<br>39/20-21 തീയതി 30.01.2021, തുക 711128/-<br>51/20-21 തീയതി 30.03.2021, തുക 504403/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ ബ്ലോക്ക് ഓഫീസ് ഫർണിഷിംഗ് എന്ന ബഹുവർഷ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിക്ക് 2020-21വർഷം 4937622/-രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തുമായി കരാറിലേർപ്പെട്ട് പ്രവൃത്തി നടത്തിയിട്ടുള്ളത് മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ജി ഒ (ആർ ടി) നമ്പർ 14/2019 എസ് പി ഡി തീയതി 12.04.2019 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് റബ്ബർവുഡ് ഫർണിച്ചറുകളും ഓഫീസ് ഫർണിച്ചറുകളും ടെൻഡർ നടപടി കൂടാതെ നേരിട്ട് സപ്ലൈ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള 69 ഇനം ഉത്പന്നങ്ങൾക്കാണ് ഈ ഇളവ് അനുവദിച്ചിട്ടുള്ളത്. സാധനങ്ങൾ ലഭ്യമാക്കുന്നതിനായി 07.02.2020 ന് സ്ഥാപനവുമായി സെക്രട്ടറി കരാറിലേർപ്പെട്ടെങ്കിലും കരാറിൽ തുക രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിനോടൊപ്പം മറ്റ് ഏതെങ്കിലും ചാർജ് ഈടാക്കുന്നത് സംബന്ധിച്ചും വ്യവസ്ഥയില്ല. എന്നാൽ ഒരു കാരണവശാലും പിന്നീട് നിരക്കിലെ വർദ്ധനവ് അനുവദിക്കില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ഥാപനം 03.02.2020 ൽ നൽകിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് 3941590/- രൂപ രേഖപ്പെടുത്തി. അധീഷണൽ വർക്കുകൾ ഉൾപ്പെടുത്തി 04.06.2020 ൽ നൽകിയ ബില്ലിൽ 4494394/- രൂപ രേഖപ്പെടുത്തിയതിന് ശേഷം 04.07.2020 ൽ 4937622/- രൂപയുടെ ബില്ല് നൽകുകയും ഇത് പഞ്ചായത്ത് അനുവദിച്ച് നൽകുകയും ചെയ്തു. വിവിധ പാർട്ടീഷൻ വർക്കുകൾ ഉൾപ്പെടെയുള്ള ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ മൂല്യനിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനം നൽകിയ ബിൽ പ്രകാരം തുക അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

2. സ്ഥാപനം ഹാജരാക്കിയ ബില്ലിലെ തുക പ്രൈസ് ഫിക്സേഷൻ കമ്മിറ്റി അംഗീകരിച്ചതാണോയെന്നും വിലയുടെ യൂണിറ്റ് ചതുരശ്ര മീറ്ററിന് ആണോയെന്നും വ്യക്തമല്ലെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനിയർ 22.12.2020 ൽ സെക്രട്ടറിക്ക് നൽകിയ കത്തിൽ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നൽകിയിരിക്കുന്ന നിരക്ക് Before Duty, Taxes, Loading And Unloading Charges എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ എസ്റ്റിമേറ്റിലെ നിരക്കും പ്രവൃത്തി പൂർത്തീകരിച്ച് നൽകിയ ബില്ലിലെ നിരക്കും വ്യത്യാസമുള്ളതിനാൽ പാർട്ടീഷൻ ഭിത്തികളുടെയും മറ്റ് ഫർണിച്ചറുകളുടെയും നീളവും വീതിയും മാത്രം ചെക്ക് ചെയ്ത് നൽകുകയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെയ്തിട്ടുള്ളത്. നിരക്കിലെ വ്യത്യാസം ട്രാൻസ്പോർട്ടേഷൻ ചാർജാണെന്നാണ് പ്രവൃത്തി ചെയ്ത സ്ഥാപനം അറിയിച്ചത്. എന്നാൽ ഹാജരാക്കിയ ബില്ലിലെ ഉയർന്ന നിരക്കിലുള്ള തുകയുടെ ആധികാരികത വ്യക്തമല്ല.
3. മീനച്ചിൽ റബ്ബർവുഡ് ഹാജരാക്കിയ ബില്ലിൽ Show Case With Glass Door (1820 X 915 X 300) എന്ന ഇനത്തിന് 33020/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിൽ ടെൻഡർ നടപടി കൂടാതെ വാങ്ങാവുന്ന 69 ഇനങ്ങളിൽ ഈ ഇനം ഉൾപ്പെട്ടിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 21.05.2022 ൽ നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ കരാറിൽ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മൂല്യനിർണ്ണയം നടത്തുകയോ ചെയ്യാതെ വിവിധ ഘട്ടങ്ങളിൽ തുക കൈമാറിയതിന് പദ്ധതി നിർവ്വഹണം നടത്തിയ സെക്രട്ടറിയോട് അവസാന ബില്ലുകൾ മാറി നൽകിയ സെക്രട്ടറി വിശദീകരണം ആരാഞ്ഞിരുന്നു. എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും മൂല്യനിർണ്ണയും നടത്താനുള്ള ശ്രമവും നടത്തിയതായി കാണുന്നു. ആയതിനാൽ തന്നെ പദ്ധതി നടപ്പാക്കിയതിലെ അപാകതകളുടെ ഉത്തരവാദിത്തം സ്ഥാപനത്തെ കരാർ ഏല്പിച്ച മുൻ നിർവ്വഹണോദ്യോഗസ്ഥനാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ 4937622/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 മരാമത്ത് പ്രവൃത്തികൾ- കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് വേലകളിൽ 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ) ഉള്ള വിലയും 18% ജി.എസ്.ടിയും ആണ് ഈടാക്കേണ്ടിയിരുന്നത്. വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.
1)

| | |
|---|---|
| പ്രോജക്ട് നമ്പർ | So 121/20 |
| പ്രോജക്ടിന്റെ പേര് | കൊല്ലപ്പടി പുത്തൻകുരിശ് റോഡ് റീ-ടാറിംഗ്-വടവുകോട്-പുത്തൻകുരിശ്<br>വാർഡ് -6 |
| അടങ്കൽ | 500000/- |
| ചെലവ് | 465036/-<br>1.ബിൽ നം.7/20-21 /30.7.20-329730<br>2.ബിൽ നം.23/20-21/8.1.20-135306 |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 17 ബാരൽ |
| എം.ബുക്ക് നം. | 40/20-21 |
| ഈടാക്കേണ്ട തുക | 4046 + GST@ 18% |
| കരാറുകാരൻ | മോൻസി എബ്രഹാം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | So 128/20 |
| പ്രോജക്ടിന്റെ പേര് | ഓലിപ്പാറ -ചാർത്താങ്കൽ എസ്.സി.കോളനി റോഡ് റീ ടാറിംഗ് |
| അടങ്കൽ | 499232/- |
| ചെലവ് | 486494/- (ബിൽനം.7/11-4-2020) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 11 ബാരൽ |
| എം.ബുക്ക് നം. | 200/19-20 |
| ഈടാക്കേണ്ട തുക | 2618 + GST @18% |
| കരാറുകാരൻ | പ്രകാശ് എം.എം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | So 46/20 |
| പ്രോജക്ടിന്റെ പേര് | പഴമല കോളനി റോഡ് റീ ടാറിംഗ്&സംരക്ഷണ ഭിത്തികെട്ടൽ. |
| അടങ്കൽ | 500000/- |
| ചെലവ് | 488884/- (ബിൽ നം. 6/11-4-20) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 13 ബാരൽ |
| എം.ബുക്ക് നം. | 352/19-20 |
| ഈടാക്കേണ്ടതുക | 3094 + GST@ 18% |
| കരാറുകാരൻ | ജമാൽ കെ.വി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മൂന്ന് മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭിക്കേണ്ട ആകെ തുകയായ 11514/-രൂപ (9758+1756 (GST-18%) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/20.6.21) ലഭ്യമാക്കിയ മറുപടിയിൽ തുക എത്രയും വേഗം ഈടാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-16 ഇ-ടെണ്ടർ ഫീസ് - ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക (81924/-രൂപ) ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. ടി തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ചോയിക്കരമുകൾ കുടിവെള്ള പദ്ധതി - വൈദ്യുതി കണക്ഷൻ തുക ജനറൽ പർപ്പസ്

ഫണ്ടിലേക്ക് തിരികെ അടച്ചില്ല

എംപിഎൽഎഡിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ചോയിക്കരമുകൾ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി എംപി ഫണ്ടിൽ ആവശ്യമായ തുക ഇല്ലാത്തതിനാൽ 13714/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വൌച്ചർ നം. 22000217/02.11.2020 പ്രകാരം ചെലവാക്കിയിട്ടുണ്ട്. എന്നാൽ എംപി ഫണ്ട് ലഭ്യമായിട്ടും നാളിതുവരെ ടി തുക ജനറൽ പർപ്പസ് ഫണ്ടിലേക്ക് തിരികെ അടച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/20.05.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവാക്കിയ 13714/-രൂപ എംപി ഫണ്ടിൽ നിന്നും ജനറൽ പർപ്പസ് ഫണ്ടിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പ്രത്യേക ഉദ്ദേശ്യ ആവശ്യങ്ങൾക്ക് ലഭിച്ച ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ B4 ഷെഡ്യൂൾ പ്രകാരം 2019-20 ൽ നീക്കിയിരിപ്പായി ഉണ്ടായിരുന്ന താഴെ കൊടുക്കുന്ന ഗ്രാന്റുകൾ 2020-21 വർഷത്തിലും ചെലവാക്കിയിട്ടില്ല

| ക്രമ നം. | അക്കൌണ്ട് ഹെഡ് | ഗ്രാന്റ് | തുക |
|---|---|---|---|
| 1 | 320100115 | ശുചിത്വ മിഷൻ ഗ്രാന്റ് | 564384 |
| 2 | 320200301 | ഐ.എ.വൈ ലോൺ | 25500 |
| 3 | 320700203 | ജോയിന്റ് വെഞ്ചർ പ്രോജക്ട് - ഗ്രാമപഞ്ചായത്ത് | 717235 |
| 4 | 320700205 | പി.എം.എ.വൈ ജില്ലാപഞ്ചായത്ത് വിഹിതം | 3390057 |

മുൻ വർഷങ്ങളിൽ വിവിധ ഉദ്ദേശ്യങ്ങൾക്ക് ലഭിച്ച മേൽ സൂചിപ്പിച്ച ഗ്രാന്റുകൾ പ്രോജക്ടുകൾ തയ്യാറാക്കി വിനിയോഗിക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/21.05.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ, ഗ്രാന്റുകൾ ലഭിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാരിലേയ്ക്കും മറ്റ് ഏജൻസികളിലേയ്ക്കും തിരിച്ചടയ്ക്കേണ്ട തുകയാണെങ്കിൽ ആയതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-19 മുൻ വർഷങ്ങളിൽ വാങ്ങിയ കാർഷിക യന്ത്രങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 15.03.2021 ലെ സാധാരണ യോഗത്തിൽ, 2013-14 മുതൽ 2018-19 വരെ കാലയളവിൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് നെൽകൃഷി വികസനസമിതിക്കുവേണ്ടി വാങ്ങി നൽകിയതും, നിലവിൽ പ്രവർത്തനരഹിതമായതും ആയ കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു
പ്രവർത്തനരഹിതമായ കാർഷിക യന്ത്രങ്ങളുടെ വിവരങ്ങളും, ഇവ പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച തുടർനടപടികൾ എന്നീ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-5,20.05.2022) മറുപടി ലഭിച്ചു. ഈ യന്ത്രങ്ങൾ വലിയ തുക മുടക്കി മെയിന്റനൻസ് ചെയ്തെങ്കിലും പ്രവർത്തനക്ഷമമായില്ല. ഇനിയും ഇവയുടെ മെയിന്റനൻസിന് വലിയ തുക ആവശ്യമാണ്. ടി തുക ബ്ലോക്ക് നെല്ലുൽപാദക സമിതിയുടെ പക്കലില്ല എന്ന് മറുപടി മുഖേന അറിയിച്ചിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാക്കാനുള്ള കൂടുതൽ കാര്യങ്ങൾ അറിയുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്(കൃഷി) കത്ത് നൽകിയിരുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിൽ നാല് കാർഷിക യന്ത്രങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കമ്പയിൻഡ് ഹാർവെസ്റ്റർ കുബ്ജ

2424 മണിക്കൂർ ഓടിയിട്ടുള്ള കൊയ്ത്ത് മെതിയന്ത്രം രണ്ടര വർഷമായി പ്രവർത്തനരഹിതമാണ്. ടി കമ്പനി ഇപ്പോൾ നിലവിലില്ല. മറ്റ് ഡീലർമാരെ സമീപിച്ച് സ്പെയർ പാർട്സിന്റെ വിലയും ലഭ്യതയും മനസ്സിലാക്കി മെയിന്റനൻസിന് ശേഷം ഉപയോഗിക്കാവുന്നതാണ്.

2) കുബോട്ട ട്രാക്ടർ

ഹൈഡ്രോളിക് സിസ്റ്റം കാലിബറേഷൻ ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

3) കമ്പയിൻഡ് ഹാർവെസ്റ്റർ മഹീന്ദ്ര

ഈ മെഷിനറി വളരെ കുറച്ച് മാത്രമാണ് പ്രവർത്തിപ്പിച്ചിട്ടുള്ളത്. ചെറിയ അറ്റകുറ്റപ്പണികൾക്ക് ശേഷം ഉപയോഗിക്കാവുന്നതാണ്. നിലവിലെ ഫീൽഡ് കണ്ടീഷനിൽ ഉപയോഗിക്കാൻ ബുദ്ധിമുട്ടായതിനാൽ അനുയോജ്യമായ കർഷകസമിതിക്കോ, പഞ്ചായത്തിനോ കൈമാറാൻ നിർദ്ദേശിച്ചിട്ടുണ്ട്.

4)ബെയ്ലർ ഗോമതി

ഈ മെഷീന്റെ ഡ്രൈവ് ഷാഫ്റ്റ് ഒടിഞ്ഞ് പോയിട്ടുള്ളതാണ്. ഇത് റിപ്പയർ ചെയ്യുന്നതിന് നല്ല തുക വേണ്ടിവരും. കൂടാതെ ഗോമതി കമ്പനി ഇപ്പോൾ നിലവിലില്ല. ആയതിനാൽ മെഷീൻ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും പദ്ധതി നിർവഹണത്തിലെ അപാകതയാണ് വ്യക്തമാകുന്നത്. ഉപകരണങ്ങൾ വാങ്ങുമ്പോൾ അവയുടെ പ്രായോഗികത, ഗുണമേന്മ, കാര്യക്ഷമത എന്നീ കാര്യങ്ങൾ കൂടി പരിഗണിക്കപ്പെടണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ ലക്ഷ്യം കാണാതെ വരുമ്പോൾ അത് നാടിന്റെ കാർഷികപുരോഗതിയെ ഗുരുതരമായി ബാധിക്കും.

ഓഡിറ്റ് നിർദ്ദേശം

ബ്ലോക്ക്പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ പദ്ധതിയുടെ ഭാഗമായുള്ള കാർഷികയന്ത്രങ്ങളുടെ വാങ്ങലും, മെയിന്റനൻസും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നതിന് വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 നിക്ഷേപപ്രവൃത്തികൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

1) സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്ക് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | പദ്ധതിയുടെ നം. , പേര് | നല്കിയ തുക, ബിൽ നമ്പർ/ തീയതി | തുക ലഭ്യമായ സ്ഥാപനം |
|---|---|---|---|
| 1 | പ്രൊ. നം.SO 97 / 21 , കുന്നത്തുനാട് പഞ്ചായത്ത്- കിഴക്കേ കയ്യാലക്കുടി കുടിവെള്ള പദ്ധതി- വാട്ടർ അതോറിട്ടി ഡെപ്പോസിറ്റ് | 500000 /- (എസ് സി പി ), 02/20-21, തീയതി 11.04.2020 | കേരളാ വാട്ടർ അതോറിട്ടി |
| 2 | പ്രൊ. നം. 145 / 21 , കിഴക്കേ കയ്യാലക്കുടി- വീപ്പനാട്ടുകുടി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വാട്ടർ അതോറിട്ടി ഡെപ്പോസിറ്റ് | 448000 /-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) 22/20-21, തീയതി 13.10.2020 | കേരളാ വാട്ടർ അതോറിട്ടി |
| 3 | പ്രൊ. നം. 31 / 21 , കുന്നത്തുനാട് പഞ്ചായത്ത്- മാടശ്ശേരി ക്കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് | 280000 /-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) 21/20-21, തീയതി 13.10.2020 | കേരളാ വാട്ടർ അതോറിട്ടി |
| | ആകെ | 1228000/- | |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന്

ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 19.05.2022 ൽ നൽകിയ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 1228000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)

| ക്രമ നം. | പദ്ധതിയുടെ നം. , പേര് | നല്കിയ തുക, ബിൽ നമ്പർ/ തീയതി | തുക ലഭ്യമായ സ്ഥാപനം |
|---|---|---|---|
| 1 | പ്രൊ. നം. 1 / 21 , ഐ കെ എം വിഹിതം അടവാക്കൽ | 80962 /- 32/20-21, തീയതി 11.05.2020 | ഐ കെ എം |
| | ആകെ | 80962 /- | |

പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങളോ വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 20.05.2022 ലെ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 80962 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-21 നാപ്കിൻ വെൻഡിംഗ് മെഷീനും ഡിസ്ട്രോയറും -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നാപ്കിൻ വെൻഡിംഗ് മെഷീനും ഡിസ്ട്രോയറും സ്ഥാപിക്കൽ |
| പ്രോജക്റ്റ് നം | 78/21 |
| അടങ്കൽ | 165000/-( വികസന ഫണ്ട്-സാധാ) |
| ചെലവ് | 163127/- |
| ബിൽ നം/ തീയതി | 9/20-21 തീയതി 26.06.20 |

സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലേക്കായി ഒന്ന് വീതം നാപ്കിൻ വെൻഡിംഗ് മെഷീനും ഡിസ്ട്രോയറും എന്ന കണക്കിൽ ആകെ 3 എണ്ണം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. കേരള സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻവോയ്സ് നമ്പർ ALPY/20-21/7 തീയതി 17.06.2020 പ്രകാരം ആകെ 163127/- രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്. ഉപകരണങ്ങൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

1.സ ഉ (പി) നം.2/2018 എസ് പി ഡി തീയതി 28.04.2018, സ ഉ (പി) നം.7/2019 എസ് പി ഡി തീയതി 26.04.2019 എന്നിവ പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ ജെം മുഖേന ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി സ്വീകരിച്ചില്ല.

2. പദ്ധതിയിൽ SIDCO യിൽ നിന്ന് ടെൻഡർ നടപടി കൂടാതെ നേരിട്ട് ഉപകരണങ്ങൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. നാപ്കിൻ വെൻഡിംഗ് മെഷീനും ഡിസ്ട്രോയറും വാങ്ങിയിട്ടുള്ളത് ഒരു സ്വകാര്യ കമ്പനി നിർമ്മിക്കുന്ന ഫെമിന ബ്രാൻഡ്-ന്റെ ഉത്പന്നമാണ്. സിഡ്കോയിൽ നിന്ന് ടെൻഡർ നടപടി കൂടാതെ

നേരിട്ട് ഉപകരണം വാങ്ങിയതിനെ സാധൂകരിക്കുന്നതിന് ഹാജരാക്കിയിട്ടുള്ളത് സ ഉ (സാധാ)നം.1696/2018 തസ്വഭവ തീയതി 22.06.2018 നമ്പർ ഉത്തരവാണ്. എന്നാൽ ഈ ഉത്തരവിൽ സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ച് മാത്രമാണ് ഉത്തരവായിട്ടുള്ളത്. സ്റ്റീൽ, വുഡൻ, ഹോസ്പിറ്റൽ ഫർണിച്ചറുകളാണ് ടെൻഡർ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതിയുള്ളത്. സ്വകാര്യ കമ്പനി നിർമ്മിച്ച ഉപകരണം വാങ്ങലുകൾ സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ടെൻഡർ നടപടി കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയതിന് ഓഡിറ്റിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 20.05.2022 ലെ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സിഡ്കോയിൽ നിന്ന് അവർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മാത്രം വാങ്ങുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-22 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു.

പഞ്ചായത്തിൽ 1996-97 മുതലുള്ള വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആകെ 46 ഓഡിറ്റ് പരാമർശങ്ങളാണ് തീർപ്പാക്കാൻ അവശേഷിക്കുന്നത്. 2014-15, 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.
1) ഐ എ വൈ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ, ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന 2014-15, 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം തുടർനടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടില്ല.
2) 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ എസ് 0119/18 , വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ ബയോകമ്പോസ്റ്റർ - ബയോ കമ്പോസ്റ്റ് ബിൻ പ്രൊജക്റ്റിന് ബ്ലോക്ക് വിഹിതം നല്കൽ, എസ് 004/18 , ഐകെഎം വിഹിതം നൽകൽ എന്നീ പദ്ധതികൾക്ക് തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തീർപ്പാക്കിയിട്ടില്ല.
3) വാട്ടർ അതോറിട്ടിക്ക് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയതിൽ സെന്റേജ് ചാർജിനത്തിൽ അധികം തുക നൽകിയതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാക്കാത്തതും സംബന്ധിച്ച 2017-18 റിപ്പോർട്ടിലെ പരാമർശവും തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ നിലനിൽക്കുന്നു.
4) 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വടവുകോട് സി എച്ച് സി-യുടെ വൈദ്യുതി ബിൽത്തുകയിൽ 13673 രൂപ അധികം അടവാക്കിയത് വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കുന്നത് വരെ തടസ്സപ്പെടുത്തിയിരുന്നത് നിലവിലും തുടരുകയാണ്.
5) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയും ജി എസ് ടി-യും ഈടാക്കുന്നതിൽ കുറവ് വന്ന 55741/-രൂപ ഈടാക്കണമെന്ന 2019-20 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം തുക ഈടാക്കി തീർപ്പാക്കിയിട്ടില്ല.

6) നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, പട്ടികജാതി വികസന ഓഫീസറുടെ സ്ഥലപരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ലെന്ന 2019-20 ലെ പരാമർശം നിലനിൽക്കുന്നു.

7)വടവുകോട് സി.എച്ച്.സി യുടെ വൈദ്യുതി ചാർജ് കുടിശികയിനത്തിൽ 4,54,314/-രൂപ സർചാർജ് വികസന ഫണ്ടിൽ നിന്നും അടവാക്കിയത് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസപ്പെടുത്തിയിരുന്നു. ഈ തുക ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരിൽ നിന്ന് തിരികെ ഈടാക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടില്ല (2019-20 ഓഡിറ്റ് റിപ്പോർട്ട്).
കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന

പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. അവശേഷിക്കുന്ന 46 ഖണ്ഡികകളും തീർപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 1-23 മരാമത്ത് പ്രവൃത്തികൾ -പൊതുന്യൂനതകൾ

കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. അതുപോലെ പൂർത്തീകരണ സർട്ടിഫിക്കറ്റിൽ പലതിലും പ്രവൃത്തി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ചു (സി.എച്ച്.സി വടവുകോട്)

| | |
|---|---|
| പ്രോജക്ടിന്റെ പേര്,<br>പ്രോജക്ട് നം | വടവുകോട് സി.എച്ച്.സി-യുടെ<br>ദൈനംദിന ചെലവുകൾ,<br>59/21 |
| ആകെ അടങ്കൽ | 200000/- |
| ആകെ ചെലവ് | 199994/- |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

വടവുകോട് സി.എച്ച്.സി-യുടെ ദൈനംദിന ചെലവുകൾ പദ്ധതിയുടെ ഭാഗമായി 7/20-21 (18.06.20), 38/20-21 (26.03.21) എന്നീ ബില്ലുകൾ മുഖേന യഥാക്രമം 22278/-, 59420/- എന്നിങ്ങനെ തുക നൽകിയിട്ടുണ്ട്. 7/20-21 (18.06.20) ബിൽ പ്രകാരമുള്ള വൗച്ചർ നം-3, 38/20-21 (26.03.21) ബിൽ പ്രകാരമുള്ള വൗച്ചർ നം-40 എന്നിവയിൽ കമ്പ്യൂട്ടർ സർവീസ് ചാർജ് ഇനത്തിലുള്ള ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് പണം നൽകിയിട്ടുള്ളത് . ഇൻവോയിസിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം, തീയതി | തുക | ഇനം |
|---|---|---|
| GST19\3029, 17.03.2020 | 714 | കമ്പ്യൂട്ടർ മെയിന്റനൻസ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-17, തീയതി-21.05.2022) മറുപടി ലഭ്യമായിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും. അധികമായി നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | |
|---|---|---|---|

2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച തുകയുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റ് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 196000 | പി എം എ വൈ-ജനറൽ | 196000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 196000 | പി എം എ വൈ -എസ് സി പി | 196000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 347159 | ചാത്യാത് കോളനി സാംസ്കാരിക നിലയം | 347159 | 0 |
| മഴുവന്നൂർ ഗ്രാമപഞ്ചായത്ത് | 2020-21 | 280000 | പി എം എ വൈ -എസ് സി പി | 280000 | 0 |
| കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് | 2020-21 | 70000 | പി എം എ വൈ -എസ് സി പി | 70000 | 0 |
| | ആകെ | 1089159 | | 1089159 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പ്രൊ. നം.SO 97 / 21 , കുന്നത്തുനാട് പഞ്ചായത്ത്- കിഴക്കേ കയ്യാലക്കടി കുടിവെള്ള പദ്ധതി- വാട്ടർ അതോറിട്ടി ഡെപ്പോസിറ്റ് | 02/20-21, തീയതി 11.04.2020 | 500000/- ( എസ് സി പി) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| കേരള വാട്ടർ അതോറിട്ടി | പ്രൊ. നം. 145 / 21 , കിഴക്കേ കയ്യാലക്കടി- വീപ്പനാട്ടുകുടി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വാട്ടർ അതോറിട്ടി ഡെപ്പോസിറ്റ് | 22/20-21, തീയതി 13.10.2020 | 448000 /- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| കേരള വാട്ടർ അതോറിട്ടി | പ്രൊ. നം. 31 / 21 , കുന്നത്തുനാട് പഞ്ചായത്ത്- മാടശ്ശേരി ക്കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് | 21/20-21, തീയതി 13.10.2020 | 280000 /- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| ആകെ | | 1228000/- | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2003-04 | 3-9 | 2006-07 | 3.42(1) | ഊന്ന്കല്ല് നിരപ്പ് കോളനി ജലസേചനം | മറ്റൊരു കുടിവെള്ള പദ്ധതി സമീപത്ത് ആരംഭിച്ച തിനാൽ ഇനി കൂടുതൽ തുക ചെലവഴി ക്കേണ്ടെന്ന തീരുമാനിച്ചു. |
| 2005-06 | 3-10 | 2007-08 | 3.44(1) | പട്ടികജാതി തൊഴിൽ പരിശീലനം- അർഹത ഇല്ലാത്ത വർക്കും പരിശീലനം | 01-07-19 ൽ ഗ്രാമ വികസന കമ്മീ ഷണർക്ക് മറുപടി നൽകി |
| 2005-06 | 3-11 | 2007-08 | 3.44(1) | പട്ടികജാതി വനിത കമ്പ്യൂട്ടർ പരിശീലനം | -ടി- |

4-9 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്/സർചാർജ് ഇനത്തിൽ തുകയൊന്നും അടവില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62799880 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68780654 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 714 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7044123 |
|---|---|

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 714 | ഡോ. ബിജി എലിസബത്ത് കുര്യാക്കോസ് , മെഡിക്കൽ ഓഫീസർ, സി എച്ച് സി, വടവുകോട് |
| ആകെ | | 714 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 4937622 | ശ്രീ രാജ്കുമാർ, സെക്രട്ടറി |
| 1-20 | 1308962 | ശ്രീ ലാൽകുമാർ, സെക്രട്ടറി ( 580962/-) ശ്രീ രാജ്കുമാർ, സെക്രട്ടറി (728000/-) |
| 1-12 | 422612 | ഡോ.അനീഷ് ബേബി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടയിരുപ്പ് |
| 1-13 | 374927 | ഡോ. ബിജി എലിസബത്ത് കുര്യാക്കോസ് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വടവുകോട് |
| ആകെ | 7044123 | |

.

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ബിജി എലിസബത്ത് കുര്യാക്കോസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വടവുകോട് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വടവുകോട് | സ്റ്റാൻജോസ് ഗാർഡൻ, തളിവട്ടം, കൊച്ചി |
| ഡോ.അനീഷ് ബേബി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടയിരുപ്പ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കടയിരുപ്പ് | വില്ല നം 17, സിന്തൈറ്റ് ഫേസ് 1, കടയിരുപ്പ് പി.ഒ, കടയിരുപ്പ് |
| ശ്രീ.ലാൽകുമാർ സെക്രട്ടറി | സീനിയർ ലെക്ചറർ, കില സി.എസ്.ഇ.ഡി, ഇ.റ്റി.സി പി ഒ, കൊട്ടാരക്കര | അതുല്യ, ആനകൊട്ടൂർ, കൊട്ടാരക്കര |
| ശ്രീ രാജ്കുമാർ, സെക്രട്ടറി | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പാലക്കാട് | ഗംഗോത്രി, കല്ലമ്പലം പി.ഒ., തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000<br>2000-2001<br>2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07<br>2007-08<br>2008-09<br>2009-10<br>2011-12<br>2012-13<br>2014-15 &<br>2015-16 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1291/19<br>തീ.9.10.2019 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1292/19,<br>തീ. 20.09.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1582/19,<br>തീ.19.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)956/20,<br>തീ. 06.12.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്